അന്താരാഷ്ട്ര നെൽക്കൃഷി വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ

310 [1239] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നെൽക്കൃഷി വർഷമായി (ഇൻറർനാഷണൽ ഇയർ ഓഫ് റൈസ്) ആചരിക്കുന്ന ഈ വർഷം നെൽക്കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കൃഷിവകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നെൽവയലുകൾ വ്യാപകമായി നികത്തുന്നത് തടയാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) നെൽവയൽ നികത്തുന്നത് തടയാനുള്ള അധികാരം ഏത് വകുപ്പിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(ഡി) കൃഷിവകുപ്പിന് ഇതു സംബന്ധമായ എന്തെങ്കിലും അധികാരം നൽകിയിട്ടുണ്ടോ;

(ഇ) നെൽവയൽ നികത്തുന്നത് തടയുന്നതിന് ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി കൃഷി, റവന്യൂ, തദ്ദേശഭരണം, പരിസ്ഥിതി, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെ സംയുക്തസമിതി രൂപീകരിക്കുന്നതിനും, അതിനു കീഴിൽ പ്രാദേശികാടിസ്ഥാനത്തിൽ ജനകീയസമിതികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്താരാഷ്ട്ര നെൽക്കൃഷി വർഷമായി ആചരിച്ച 2004-2005 സാമ്പത്തിക വർഷം 6596.80 ലക്ഷം രൂപയുടെ നെൽക്കൃഷി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നെൽക്കൃഷി സംബന്ധമായ സെമിനാറുകൾ, നെൽവയലുകൾ സംരക്ഷിക്കൽ, നെൽപ്പാടങ്ങൾ നികത്തുന്നതുമൂലം ഉണ്ടാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സാമൂഹിക പ്രത്യാഘാതങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, നെൽക്കൃഷിക്കാവശ്യമായ സങ്കേതികവിവരങ്ങൾ കർഷകർക്ക് ലഭ്യമാകുന്നതിനുവേണ്ട പരിശീലനപരിപാടികൾ എന്നിവ നടപ്പിലാക്കി.

(ബി) നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ നിയമം നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ടി നിയമപ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും, തരിശ്ശിടുന്നതിനും മറ്റു വിളകൾക്കായി ഉപയോഗിക്കുന്നതും നിയന്ത്രിച്ചിട്ടുണ്ട്. പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡിസ്ട്രിക്റ്റ് കളക്ടർമാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

(ഡി) അനധികൃതമായി നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ആഫീസർ മേൽനടപടി സ്വീകരിക്കുന്നതിനായി കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഇ) നെൽവയലുകൾ സംരക്ഷിക്കുന്നതിനും നെൽപ്പാടങ്ങൾ നികത്തുന്നതുമൂലം ഉണ്ടാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, സാമൂഹിക പ്രത്യാഘാതങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനും ഇപ്പോൾത്തന്നെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൃഷി, റവന്യൂ, തദ്ദേശഭരണം, പരിസ്ഥിതി, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെ സംയുക്ത സമിതിയും അതിന് കീഴിൽ ജനകീയസമിതികളും ഇപ്പോൾ രൂപീകരിക്കേണ്ടതില്ല.

കർഷകർക്കുള്ള പാക്കേജുകൾ

311 [1240] *ശ്രീ. പി. ജയരാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പിൽ കർഷകരെ സഹായിക്കുന്നതിനു പ്രഖ്യാപിച്ച പാക്കേജുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പാക്കേജുകൾ നടപ്പിലാക്കിയെന്നു വ്യക്തമാക്കാമോ;

(സി) ഇതുമൂലം എത്ര കർഷകർക്ക് ആനുകൂല്യം ലഭിച്ചു എന്നുള്ളത് പാക്കേജ് തിരിച്ചും, ജില്ല തിരിച്ചും വിശദമാക്കുമോ?

ഉത്തരം

(എ) & (ബി) (1). റബ്ബർ, കാപ്പി, കുരുമുളക് തുടങ്ങിയ കാർഷികവിളകളുടെ വിലത്തകർച്ചയിൽനിന്നു കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 95 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കുകയുണ്ടായി. ഇതിൽ റബ്ബർ, കുരുമുളക്, അടയ്ക്കാ, കൊപ്ര, നെല്ല് എന്നിവ മാർക്കറ്റ് വിലയെക്കാൾ കൂടിയവിലയ്ക്ക് കർഷകരിൽനിന്നും സംഭരണം നടത്തുകയും, കാപ്പി, നെല്ല് എന്നീ കൃഷികൾക്ക് ഉല്പാദനബോണസ് അനുവദിക്കുകയും ചെയ്തു. ഇതിനുപുറമേ പ്രീപാക്കേജ് ആയി 5 കോടി രൂപയും ചിലവഴിച്ചു.

(2) 2004 -ലെ വരൾച്ച കാരണം കാർഷികവിളകളുടെ വിലത്തകർച്ചമൂലമുണ്ടായ കടക്കെണിയിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കടാശ്വാസത്തിനുള്ള പാക്കേജ് നടപ്പിലാക്കുകയുണ്ടായി.

(സി) വിശദവിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly